"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ്- സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം - കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.324/2025/WCDD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-
1. സ.ഉ.(സാധാ) നം.677/2019/സാനീവ തീയതി 28.10.2019.
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 17.06.2024, 27-02-2025 എന്നീ തീയതികളിലെ DCTVM/5784/2024/Fin7 നമ്പർ കത്ത്
3. വനിത ശിശു വികസന ഡയറക്ടറുടെ 23.04.2025 തീയതിയിലെ DWCD/3944/2024-WEC2 നമ്പർ കത്ത്.

**ഉത്തരവ്**

സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി പ്രകാരമുള്ള അപേക്ഷയിൽ മൂന്ന് വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം പരിഗണിക്കാതെ അനുമതി നൽകുന്നതിനുള്ള അധികാരം പരാമർശം (1) പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർക്കാണ്. പ്രസ്തുത പദ്ധതിപ്രകാരം ധനസഹായത്തിനായി, അറിവില്ലായ്മ കാരണം നിശ്ചിത സമയപരിധിക്കകം അപേക്ഷ സമർപ്പിക്കാൻ കഴിയാതെപോയ ചുവടെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷകൾ അനുകൂലമായി പരിഗണിക്കണമെന്ന പരാമർശം(2) പ്രകാരമുള്ള തിരുവനന്തപുരം ജില്ലാകളക്ടറുടെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സഹിതം വനിത ശിശു വികസന ഡയറക്ടർ പരാമർശം(3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായ പദ്ധതി" പ്രകാരം ധനസഹായത്തിനായി സമർപ്പിച്ചിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന 4 ഗുണഭോക്താക്കൾക്ക്

അറിവില്ലായ്മ കാരണം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം, പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | അപേക്ഷകയുടെ പേരും മേൽ വിലാസവും |
|---|---|
| 1 | ജഗദമ്മ, വാഴവിള, കടയ്ക്കാവൂർ |
| 2 | ശ്രീജ, വാഴത്തോപ്പ്, കോട്ടപ്പുറം, കടയ്ക്കാവൂർ |
| 3 | സതി, ശശി മന്ദിരം, ശങ്കരമംഗലം, കീഴാറ്റിങ്ങൽ, കടയ്ക്കാവൂർ |
| 4 | ലളിത പി, കുരുവിത്തോട്ടത്ത് വീട്, പുന്നക്കുളം, കോട്ടുകാൽ പി.ഒ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

അപേക്ഷകർക്ക്(വനിത ശിശു വികസന ഡയറക്ടർ മുഖേന)

ജില്ലാ കളക്ടർ, തിരുവനന്തപുരം .

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ) കേരളം,

വിവരപൊതുജനസമ്പർക്ക (ന്യൂ മീഡിയ വിഭാഗം) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 19-07-2025 17:20:50